പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1426 11-08-2017-ലെ മറുപടിയ്ക്ക്

## പ്രധാനമന്ത്രിയുടെ ഫസൽ ബീമാ യോജന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** പ്രധാനമന്ത്രിയുടെ ഫസൽ ബീമാ യോജന പ്രകാരം വിളകൾക്ക് നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ സാഹചര്യങ്ങളിലാണ് കർഷകർ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹരാവുന്നത്; | **(എ)** ഉണ്ട്. 30/06/2017-ലെ ജി.ഒ. (ആർ.റ്റി) നം. 653/2017/എഡി നമ്പർ ഉത്തരവ് പ്രകാരം 2017-18 ഖാരിഫ് സീസണിൽ സംസ്ഥാനത്ത് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ വിജ്ഞാപനമായി.<br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അതൃഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീപിടുത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലമോ രോഗകീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു. |
| **(ബി)** വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകർ നിർബന്ധമായും ഈ പദ്ധതിയിൽ അംഗമാകേണ്ടതുണ്ടോ; | **(ബി)** പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൃഷി ചെയ്യുന്നതിന് വേണ്ടി ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ നിർബന്ധമായും മറ്റുള്ള കർഷകർ സ്വന്തം താല്പര്യപ്രകാരവും പദ്ധതിയിൽ അംഗങ്ങളാകുന്നതാണ്. |
| **(സി)** സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ഈ പദ്ധതി പ്രകാരമുള്ള | **(സി)** സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിലും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി |

ആനുകൂല്യങ്ങൾക്ക് പുറമേ ലഭിക്കുമോ;

ഫസൽ ബീമ യോജന എന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലും വെവ്വേറെ അംഗത്വം നേടിയിട്ടുള്ള കർഷകർക്ക് രണ്ട് പദ്ധതിയുടേയും ആനുകൂല്യം ലഭിക്കുന്നതാണ്.

**(ഡി)** സർക്കാർ നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതി കർഷകരെ വിളനാശം മൂലമുള്ള ദുരിതത്തിൽ നിന്നും കരകയറ്റുന്നതിന് എത്രമാത്രം സഹായകമായിട്ടുണ്ടെന്നു അറിയിക്കുമോ ?

**(ഡി)** സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31/06/2017 വരെ 3311 കർഷകർക്കായി 1,98,20,347/- രൂപ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**